## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 12 (ANNUALEXAM 2025)**

---

**1) യേശുവിന്റെ ശിഷ്യന്മാരെ സുവിശേഷ പ്രവർത്തനത്തിനായി അയക്കുന്നതുമായി ബന്ധപ്പെട്ട് യോജിക്കാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**

**A) സകല ജാതികളുമായും അടുത്ത് പോയി സുവിശേഷം അറിയിക്കുവാൻ മത്തായി 10:5 ൽ രേഖപ്പെടുത്തിയിരിക്കുന്നു.**

B) ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാൻ 12 ശിഷ്യന്മാരെ ഒരുക്കി

C) സുവിശേഷ പ്രചരണത്തിനായി 72 അറിയിപ്പുകാരെ നിയോഗിച്ചു.

D) അതീവ ലാളിത്യത്തോടെ സുവിശേഷ പ്രചരണം നടത്തണമെന്ന് യേശു അറിയിച്ചു

**2) ലിറ്റർജി ആഫ്റ്റർ ലിറ്റർജി എന്ന പ്രയോഗത്തിൽ രണ്ടാമത്തെ ലിറ്റർജിയോട് ഏറ്റവും അനുയോജ്യമായ വാക്ക്**

**A) മനുഷ്യ സേവനം**

B) രോഗികളെ സൗഖ്യമാക്കുക

C) വിശക്കുന്നവന് ഭക്ഷണം നൽകുക

D) മിഷൻ പ്രവർത്തനം

**3) തന്നിരിക്കുന്നവയിൽ ശരിയല്ലാത്ത പരാമർശം ഏത്**

**A) പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി യെരുശലേം യാത്രയെക്കുറിച്ച് പുസ്തകം എഴുതി**

B) പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി പുലയർക്കും മറ്റ് അവശ്യവിഭാഗങ്ങളുടെയും അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്തു.

C) ക്രിസ്തീയ മതം സ്നേഹത്തിന്റെ മതമെന്ന് ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പഠിപ്പിച്ചു

D) പരുമല തിരുമേനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് മുൻകൈ എടുത്തു

**4) ഓർത്തഡോക്സ് സന്യാസ സമൂഹങ്ങളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്തത്**

**A) മതപരിവർത്തനം നടത്തുക**

B) നിരന്തര പ്രാർത്ഥന

C) ലളിതമായ ജീവിതരീതി

D) ആരാധനാ സാഹിത്യത്തെ മെച്ചപ്പെടുത്തുക

**5) തന്നിരിക്കുന്നവയിൽ വിശുദ്ധ ത്രിത്വത്തെക്കുറിച്ച് പരാമർശം ഇല്ലാത്ത വേദഭാഗം തെരഞ്ഞെടുക്കുക**

**A) യെശയ്യാവ് 8 : 10**

B) 2 കൊരിന്ത്യർ 13:14

C) ഉൽപത്തി 18:1-12

D) ഉൽപത്തി 11: 6-7

**6) വിശുദ്ധ പാരമ്പര്യം എന്നത് 'വചനമാം ദൈവം ആദിയിൽ നൽകിയ വിശ്വാസം അപ്പോസ്തോലന്മാർ പ്രസംഗിക്കുകയും സഭാ പിതാക്കന്മാർ സംരക്ഷിക്കുകയും വിശുദ്ധ സഭ അതിൽ അടിസ്ഥാനപ്പെടുത്തി വളർത്തുകയും ചെയ്തിട്ടുള്ളതാകുന്നു' എന്ന പ്രസ്താവിച്ച പിതാവ്**

**A) അലക്സാന്ത്രിയയിലെ മാർ അത്താനാസിയോസ്**

B) മലങ്കരയിലെ പൗലോസ് മാർ ഗ്രീഗോറിയോസ്

C) ഗ്രീഗോറിയോസ് ബാർ എബ്രായ

D) വിശുദ്ധ അഗസ്റ്റിനോസ്

**7) ക്രിസ്തു ജഡത്തിൽ കഷ്ടം അനുഭവിച്ചു എന്നതിനെ നിഷേധിക്കുന്ന 'തോന്നൽ വാദത്തെ' അതിന്റെ തുടക്കത്തിൽതന്നെ എതിർത്ത് പ്രവർത്തിച്ച പിതാവ്**

<u>**A) സ്മിർണയിലെ മാർ പോളിക്കർപോസ്**</u>

B) നിസ്സയിലെ മാർ ഗ്രീഗോറിയോസ്

C) വലിയ മാർ ബസേലിയോസ്

D) നാസിയൻസിലെ ഗ്രീഗോറിയോസ്

**8) കാതോലിക്കയുടെ ഭരണത്തിൻ കീഴിൽ പാത്രിയർക്കേറ്റുകൾ നിലവിലുള്ള ഓർത്തഡോക്സ് സഭ**

<u>**A) അർമേനിയെൻ ഓർത്തഡോക്സ് സഭ**</u>

B) എത്യോപ്യൻ ഓർത്തഡോക്ൾസ് സഭ

C) റഷ്യൻ ഓർത്തഡോക്ൾസ് സഭ

D) സൈബീരിയൻ ഓർത്തഡോക്ൾസ് സഭ

**9) സഭാ തലവന് പോപ്പ് എന്ന സ്ഥാനനാമം ഉള്ള ഓർത്തഡോക്സ് സഭ**

<u>**A) കോപ്റ്റിക് ഓർത്തഡോക്ൾസ് സഭ**</u>

B) എത്യോപ്യൻ ഓർത്തഡോക്ൾസ് സഭ

C) ഗ്രീക്ക് ഓർത്തഡോക്ൾസ് സഭ

D) അർമേനിയൻ ഓർത്തഡോക്ൾസ് സഭ

**10) ഇസ്രായേല്യരുടെ സാക്ഷ്യപെട്ടകം സൂക്ഷിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്ന സഭ**

<u>**A) എത്യോപ്യൻ ഓർത്തഡോക്ൾസ് സഭ**</u>

B) റോമൻ കത്തോലിക്ക സഭ

C) ഗ്രീക്ക് ഓർത്തഡോക്ൾസ് സഭ

D) ബൾഗേറിയൻ ഓർത്തഡോക്ൾസ് സഭ

**11) ഓർത്തഡോക്സ് സഭകളിൽ സമന്മാരിൽ മുമ്പൻ എന്ന് കണക്കാക്കപ്പെടുന്ന സഭ**

<u>**A) കോൺസ്റ്റാന്റിനോപ്പിളിലെ ഓർത്തഡോക്സ് സഭ**</u>

B) ജോർജിയൻ ഓർത്തഡോക്സ് സഭ

C) റഷ്യൻ ഓർത്തഡോക്സ് സഭ

D) ജറുസലേമിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭ

**12) ആത്മീയതയുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന**

<u>**A) ആത്മീയത മനുഷ്യ കഠിനപ്രയത്നം കൊണ്ട് മാത്രം ആർജിച്ചെടുക്കാവുന്ന ഒന്നാണ്**</u>

B) ദൈവത്തോടുള്ള ബന്ധത്തിലും കൃപയിലും പാപത്തിൽ നിന്നും മോചനം ലഭിക്കും

C) യാക്കോബിന്റെ ഗോവണി ആത്മീയതയുടെ പ്രതീകമാണ്

D) താബോർ മലയിലെ ദൈവദർശനം ആത്മീയതയുടെ ഉന്നതമായ അനുഭവമാണ്

**13) 'ദൈവത്തിൽ വിശ്രമിക്കുന്നതുവരെ നമുക്ക് വിശ്രമമില്ല' എന്ന് പ്രസ്താവിച്ച സഭാ പിതാവ്**

<u>**A) സെന്റ് അഗസ്റ്റിൻ**</u>

B) മാർ അപ്രേം

C) മാർ യാക്കോബ് ബുർദാന

D) മാർ പക്കോമിയോസ്

**14) ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത്**

**A) എല്ലാ ഓർത്തഡോക്സ് സഭകളും സുറിയാനി ഭാഷയിൽതന്നെ ആരാധന നടത്തുന്നു**
B) ആരാധന വ്യക്തികേന്ദ്രീകൃതമല്ല
C) ആരാധനയിൽ വേദ പുസ്തക ഭാഗങ്ങൾ ധാരാളമായി ഉണ്ട്
D) മധ്യസ്ഥ പ്രാർത്ഥനകൾ ആരാധനയിൽ ഉണ്ട്

**15) നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ഏഴ് പ്രാവശ്യം നിന്നെ സ്തുതിക്കുന്നു എന്ന് ദാവീദ് പറയുന്ന സങ്കീർത്തന ഭാഗം**
**A) 119: 164**
B) 45: 13
C) 121: 16
D) 75: 10

**16) എല്ലാ നമസ്കാരങ്ങളും ആരംഭിക്കുന്നത് ............ ചൊല്ലിക്കൊണ്ടാണ്**
**A) കൗമാ**
B) കുക്കിലിയോൻ
C) മാതാവിനോടുള്ള അപേക്ഷ
D) 51 സങ്കീർത്തനം

**17) തന്നിരിക്കുന്ന ജോഡികളിൽ ശരിയല്ലാത്തത് തിരഞ്ഞെടുക്കുക**
**A) ഓഗസ്റ്റ് 15- സ്ലീബാ പെരുന്നാൾ**
B) എൽദോ - യേശുവിന്റെ ജനനം
C) ക്യംതാ - യേശുവിന്റെ ഉയർപ്പ്
D) ജൂലൈ 3 -മാർത്തോമാ ശ്ലീഹായുടെ ദുഖ്റോനോ

**18) ചുവടെ കൊടുത്തിരിക്കുന്നവയിൽ പെരുന്നാൾ ആചരണത്തെ സംബന്ധിച്ചു ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
**A) പെന്തിക്കോസ്തി പെരുന്നാളിൽ വെള്ളം വാഴ്ത്തുന്നു**
B) ഉയിർപ്പ് പെരുന്നാളിന്റെ ശുശ്രൂഷയിൽ ഉയിർപ്പിന്റെ പ്രഖ്യാപനം നടത്തുന്നു
C) ജനനപ്പെരുന്നാളിൽ തീജ്വാല ശുശ്രൂഷ ഉണ്ട്
D) ദനഹാ പെരുന്നാളിലെ ശുശ്രൂഷയിൽ വെള്ളം വാഴ്ത്തുന്നു

**19) പൗരസ്ത്യ ഓർത്തഡോക്സ് ചിന്തയിൽ ആത്മീയ വളർച്ചയുടെ ആത്യന്തിക ലക്ഷ്യം**
**A) ദൈവീകരണം**
B) സാമൂഹ്യ നന്മ
C) ദൈവരാജ്യ പ്രവേശനം
D) ദരിദ്രരെ സഹായിക്കുക

**20) തന്നിരിക്കുന്നവയിൽ പ. ദൈവമാതാവിനോട് ബന്ധപ്പെട്ട പെരുനാൾ**
**A) ശൂനോയൊ**
B) പെന്തിക്കോസ്തി
C) സ്ലീബാ പെരുനാൾ
D) ക്യംതാ

**21) പഠനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ ഉണ്ടാകേണ്ട ഗുണങ്ങളിൽ ഏറ്റവും അനുയോജ്യമായത് തിരഞ്ഞെടുക്കുക**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) മനോഭാവം
C) പഠന സന്നദ്ധത
D) ശരിയായ താൽപര്യം

**22) സൺഡേ സ്കൂൾ പഠനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങളിൽ**

**ഉൾപ്പെടുന്നത് തിരഞ്ഞെടുക്കുക**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) സൽസ്വഭാവികളായി സമൂഹത്തിൽ ജീവിക്കുക
C) സത്യവിശ്വാസികളായും സത്യ ആരാധനയിലും നിലനിൽക്കുക
D) വേദപുസ്തക സത്യങ്ങൾ പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയുംചെയ്യുക

**23) നമ്മുടെ മിഷൻബോർഡിന്റെ അധ്യക്ഷൻ**
**A) യൂഹാനോൻ മാർ തേവോദോറോസ്**
B) മാത്യൂസ് മാർ തേവോദോസ്യോസ്
C) യൂഹാനോൻ മാർ ദെമത്രയോസ്
D) യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

**24) 'ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു' ആര്?**
**A) പൗലോസ് ശ്ലീഹ**
B) പത്രോസ് ശ്ലീഹ
C) യൂഹാനോൻ ശ്ലീഹ
D) യൂദാ ശ്ലീഹ

**25) തന്നിരിക്കുന്നുവെയിൽ ദൃശ്യ ശ്രാവ്യ പഠനസഹായികളിൽ ഉൾപ്പെടാത്തത് ഏത്**
**A) മാസികകൾ**
B) വീഡിയോ
C) ഡോക്യുമെന്ററികൾ
D) പ്രസംഗങ്ങൾ

**26) അധ്യാപകനെ ഫെസിലിറ്റേറ്റർ എന്ന് വിളിക്കുവാൻ കാരണം**
**A) വിദ്യാർത്ഥി ഏറ്റവും നന്നായി പഠിക്കുവാൻ ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതുകൊണ്ട്**
B) സംസ്കാരത്തിന്റെ സംരക്ഷകനായി പ്രവർത്തിക്കുന്നത് കൊണ്ട്
C) വിദ്യാർത്ഥിക്കും പാഠവസ്തുവിനും ഇടയിലുള്ള മധ്യവർത്തി ആയതുകൊണ്ട്
D) വിദ്യാർഥിയുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ആൾ ആയതുകൊണ്ട്

**27) ആധുനിക വിദ്യാഭ്യാസ പ്രക്രിയയോട് ഏറ്റവും യോജിക്കുന്ന പരാമർശം തെരഞ്ഞെടുക്കുക**
**A) അനുയോജ്യമായ പഠന അന്തരീക്ഷം സൃഷ്ടിച്ച സ്വന്തം നിലയിൽ വിദ്യാർത്ഥി കാര്യങ്ങൾ അപഗ്രഥിക്കുകയും നൈപുണ്യം നേടുകയും ചെയ്യുക**
B) വിദ്യാർത്ഥി ജീവിക്കുന്നതിന് ആവശ്യമായ നൈപുണ്യം വളർത്തിയെടുക്കുക
C) ജീവിതത്തിൽ ആഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രാപ്തി നേടുക
D) അറിവ് നേടി സ്വാംശീകരിച്ച് ജീവിത വിജയം കരസ്ഥമാക്കുക

**28) ഷെമ എന്നാൽ എന്ത്?**
**A) യെഹൂദന്മാരുടെ വിശ്വാസപ്രമാണം**
B) യെഹൂദന്മാരുടെ ന്യായപ്രമാണം
C) യെഹൂദന്മാരുടെ ചരിത്രഗ്രന്ഥം
D) യെഹൂദന്മാരുടെ ന്യായപ്രമാണവ്യാഖ്യാനം

**29) അപ്പോസ്തോല കാലഘട്ടത്തിലെ വിശ്വാസ ജീവിതത്തെക്കുറിച്ച് പരാമർശിക്കുന്ന വേദഭാഗം**
**A) അപ്പോസ്തോല പ്രവർത്തികൾ 2: 42**
B) അപ്പോസ്തോല പ്രവർത്തികൾ 3: 16
C) അപ്പോസ്തോല പ്രവർത്തികൾ 2: 10

D) അപ്പോസ്തോല പ്രവർത്തികൾ 4: 42

**30) 1964 ൽ മലങ്കരസഭയിലെ സൺഡേസ്കൂൾ OSSAE എന്ന പേരിൽ ആകുന്നതിന് മുമ്പുള്ള പേര്**

**A) മലങ്കര സൺഡേസ്കൂൾ സമാജം**

B) മലങ്കര പഠിത്ത വീട്

C) മലങ്കര മതബോധന വിദ്യാഭ്യാസ സ്കൂൾ

D) മലങ്കര സഭ സൺഡേ സ്കൂൾ

**31) മലങ്കര സഭയുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട തന്നിരിക്കുന്ന വർഷങ്ങളിൽ ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**

**A) സെന്റ് ജോസഫ് എൽഡേഴ്സ് ഫോറം 2020**

B) ദിവ്യ ബോധനം 1984

C) യുവജനപ്രസ്ഥാനം 1933

D) MGOCSM 1908

**32) പാരിസ്ഥിതിക പ്രതിസന്ധിക്ക് പ്രധാന കാരണമായി ഏറ്റവും അനുയോജ്യമായ ഉത്തരം തെരഞ്ഞെടുക്കുക**

**A) പ്രകൃതിക്ക് നേരെ മനുഷ്യന്റെ അന്യായ ഇടപെടൽ**

B) ആസൂത്രിതമല്ലാത്ത വ്യവസായവൽക്കരണം

C) മനുഷ്യന്റെ സാമൂഹ്യസാമ്പത്തിക വികസന പ്രവർത്തനങ്ങൾ

D) വിവിധതരത്തിലുള്ള മാലിന്യങ്ങൾ

**33) ആദം എന്ന വാക്കിന്റെ അർത്ഥം**

**A) മണ്ണിൽ നിന്നും എടുത്തവൻ**

B) ദൈവം സൃഷ്ടിച്ചവൻ

C) ദൈവസ്നേഹത്തിന്റെ അടയാളം

D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**34) ക്രിസ്തുവിന്റെ രക്ഷാപ്രവർത്തനത്തിന്റെ പരമ ലക്ഷ്യമായി പറയാവുന്ന ഏറ്റവും അനുയോജ്യമായ പ്രസ്താവന**

**A) സർവ്വ സൃഷ്ടികളെയും യഥാസ്ഥാനപ്പെടുത്തുക**

B) മനുഷ്യന്റെ അനുസരണക്കേടിന് പരിഹാരം കാണുക

C) പ്രകൃതിയെ ബഹുമാനിക്കുവാൻ മനുഷ്യനെ പരിശീലിപ്പിക്കുക

D) സൃഷ്ടിയിൽ മനുഷ്യന്റെ പങ്കാളിത്തത്തെ ബോധ്യപ്പെടുത്തുക

**35) ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഫലപ്രദമായി ഉപയോഗിക്കുവാൻ ഏറ്റവും യോജിക്കുന്ന പ്രസ്താവന ഏത്**

**A) മനുഷ്യനെ മാറ്റി നിർത്തുകയല്ല മറിച്ച് മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഒരു സഹായിയായി ആർട്ടിഫിഷൽ ഇന്റലിജൻസിനെ പരിഗണിക്കുക**

B) എല്ലാ പ്രവർത്തനങ്ങളും ചെയ്യുവാൻ ആർട്ടിഫിഷൽ ഇന്റലിജൻസിനെ ഉപയോഗിക്കുക

C) മനുഷ്യബുദ്ധിയുടെ ഉപയോഗം പരമാവധി കുറയ്ക്കുക

D) ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ ഉപയോഗം പരമാവധി വർധിപ്പിക്കുക

**36) ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട മേഖലയെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഏറ്റവും അനുയോജ്യമായ ഉത്തരം തിരഞ്ഞെടുക്കുക**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**

B) ഡിജിറ്റൽ അറസ്റ്റ് വഴി പണം തട്ടിയെടുക്കുക

C) വ്യാജ വെബ്സൈറ്റുകൾ

D) വെബ്സൈറ്റുകളും മോർഫിങ്ങും

**37) അക്കാഡമിക് രംഗത്ത് ഇൻഫർമേഷൻ ടെക്നോളജി ഏറ്റവും പ്രയോജനപ്പെടുന്നത് തിരഞ്ഞെടുക്കുക**

**A) എല്ലാ എല്ലാ ഉത്തരങ്ങളും ശരിയാണ്**

B) അക്കാഡമിക് വെബ് സൈറ്റുകൾ

C) ഓൺലൈൻ കോഴ്സുകൾ ചെയ്യുവാൻ സഹായിക്കുക

D) സ്മാർട്ട് ക്ലാസ്സ് റൂം ഉപയോഗിച്ചുള്ള പഠനരീതി

**38) കൗമാര പ്രായത്തിൽ മയക്കുമരുന്ന് ഉപയോഗത്തിൽ അകപ്പെടുന്നവരെ എങ്ങനെ സഹായിക്കാൻ സാധിക്കും**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**

B) തെറ്റായ സൗഹൃദബന്ധങ്ങളെ ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുക

C) സ്വയം നല്ല തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുക

D) AI മീറ്റിങ്ങുകളിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക

**39) പിതാവും പുത്രനും പരിശുദ്ധ റൂഹായും മാത്രമേ പരിശുദ്ധരായുള്ളു എന്ന് വിശുദ്ധ കുർബാനയിൽ നാം പറയുമ്പോൾ വിശുദ്ധരല്ലാത്ത നാം എങ്ങനെയാണ് വിശുദ്ധ കുർബാന അനുഭവിക്കാൻ യോഗ്യരാകുന്നതായി പറയുന്നത്**

**A) വിശുദ്ധ ത്രിത്വം നമ്മോട് കൂടെ എന്ന പ്രഖ്യാപനത്തോടെ**

B) യാമപ്രാർത്ഥനകളിലൂടെ

C) വിശുദ്ധ നോമ്പുകൾ അനുഷ്ഠിക്കുന്നതിലൂടെ

D) ശരിയായ അനുതാപത്തിലൂടെ

**40) പ്രാർത്ഥനയെ കുറിച്ചുള്ള തെർത്തുല്യന്റെ അഭിപ്രായം തെരഞ്ഞെടുക്കുക**

**A) ദൈവം ശബ്ദത്തിൽ ശ്രദ്ധിക്കുന്നില്ല അവിടുന്ന് ശ്രദ്ധിക്കുന്നതും ശ്രവിക്കുന്നതും ഹൃദയമാണ്**

B) പാപമില്ലാത്ത കർത്താവ് പ്രാർത്ഥിച്ചെങ്കിൽ പാപികളായ നാം എത്ര പ്രാർത്ഥിക്കണം

C) പ്രാർത്ഥനയ്ക്ക് നല്ല മാതൃകകൾ ഉണ്ടാകണം

D) പ്രാർത്ഥനയിൽ പിതാവുമായി പൂർണ്ണ വിശ്വസ്തത പുലർത്തണം

**41) വിശുദ്ധ മാമോദീസാ ക്രമത്തിലെ ശ്ലീഹാവായനയുടെ ഉള്ളടക്കം**

**A) ക്രിസ്തുവിനോട് കൂടെയുള്ള മരണവും കബറടക്കവും ഉയർത്തെഴുന്നേൽപ്പും ആണ് വി. മാമോദിസാ**

B) അഗ്നികൊണ്ടും ആത്മാവുകൊണ്ടും ഉള്ള പുതിയ മാമോദിസ

C) മാമോദിസയിലൂടെ ലഭിക്കുന്ന നൽവരങ്ങൾ

D) മാമോദിസായിലൂടെ ദൈവീക കൽപ്പനകളുടെ സ്വീകരണം

**42) മലങ്കരസഭ അന്ത്യോക്യൻ സുറിയാനിസഭയുമായി ബന്ധപ്പെടുവാൻ ഉണ്ടായ കാരണം**

**A) തന്നിരിക്കുന്ന രണ്ട് ഉത്തരങ്ങളും ശരിയാണ്**

B) പോർട്ടുഗീസുകാരുടെ എതിർപ്പിനെ അതിജീവിക്കുവാൻ

C) പൗരോഹിത്യ പിന്തുടർച്ച നിലനിർത്തുവാൻവേണ്ടി വിദേശ സഭകളുമായി ബന്ധപ്പെട്ടപ്പോൾ

D) തന്നിരിക്കുന്ന രണ്ട് ഉത്തരങ്ങളും തെറ്റാണ്

**43) പെന്തിക്കോസ്തി പെരുന്നാളിനെ സംബന്ധിച്ച് യോജിക്കാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**

**A) പെന്തിക്കോസ്തി പെരുനാളിലാണ് വിശ്വാസികൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത്**

B) ആത്മാവിന്റെ പുതുക്കത്തിനുള്ള പ്രാർഥനകളാണ് പെന്തെക്കോസ്തി പെരുന്നാളിൽ ഉള്ളത്

C) ഉയിർപ്പ് പെരുന്നാളിന് ശേഷം ആദ്യമായി സഭ മുട്ടു കുത്തുന്നത് പെന്തിക്കോസ്തിയിലാണ്
D) പെന്തിക്കോസ്തി എന്ന വാക്കിന്റെ അർഥം അമ്പതാമത്തേത് എന്നാണ്

**44) ദനഹ എന്ന വാക്കിന്റെ അർത്ഥം**
**A) ഉദയം**
B) പ്രകാശം
C) മാമോദിസ
D) വെള്ളം വാഴ്വ്

**45) ജനന പെരുന്നാൾ ശുശ്രൂഷകളുടെ പ്രോമിയോനിലെ പ്രധാനപ്പെട്ട പ്രമേയം**
**A) മനുഷ്യാവതാര രഹസ്യത്തിന്റെ വർണ്ണന**
B) മാലാഖമാരുടെ ഗാനം പാടുക
C) തീജ്വാല ശുശ്രൂഷ
D) ദൈവ സ്വഭാവത്തിന്റെ വർണ്ണന

**46) ഭവന കൂദാശയിലെ ഏവൻഗേലിയോന്റെ പ്രമേയം**
**A) സഖായിയുടെ മാനസാന്തരവും ഏറ്റുപറച്ചിലും**
B) യേശു ലാസറിന്റെ ഭവനം സന്ദർശിക്കുന്നത്
C) തിരു കുടുംബം
D) കുടുംബപ്രാർത്ഥന

**47) മരണമടഞ്ഞവരെ വാങ്ങിപ്പോയവർ എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടാണ്**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) മരണമടഞ്ഞവർ ശാരീരികമായി മാത്രം നിശ്ചലരായവരാണ്
C) മരണം ഈ ലോകത്തിൽ നിന്നും താൽക്കാലികമായ വിടവാങ്ങൽ മാത്രമാണ്
D) മരണത്തിലും ആത്മാവ് സജീവമായി നിലനിൽക്കും

**48) തൈലാഭിഷേകത്തെ സംബന്ധിച്ച് ഏറ്റവും അനുയോജ്യമായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) തൈലാഭിഷേകം സൗഖ്യദാനത്തിനും അനുതാപത്തിനും രോഗികൾക്ക് നൽകുന്ന കൂദാശയാണ്**
B) തൈലാഭിഷേകത്തിന് മൂറോൻ തൈലം ഉപയോഗിക്കുന്നു
C) തൈലാഭിഷേകം രോഗികളായ പ്രായമായവർക്ക് നൽകുന്ന കൂദാശയാണ്
D) നോമ്പ് കാലങ്ങളിൽ തൈലാഭിഷേകം നടത്താറില്ല

**49) പ്രഭാത സ്തുതിപ്പിലെ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുവാൻ അനുയോജ്യമായ വാക്കുകൾ തെരഞ്ഞെടുക്കുക:**
**കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതനായ തന്റെ നാമത്തെ കീർത്തിച്ചു പാടുന്നതും പ്രഭാതകാലത്തു തന്റെ ............ രാത്രികാലത്തു തന്റെ .......... അറിയിക്കുന്നതും നല്ലതാകുന്നു**
**A) കൃപയും, വിശ്വാസവും**
B) പ്രാർത്ഥനയും, നന്മയും
C) സ്തോത്രവും, അനുഗ്രഹങ്ങളും
D) പ്രത്യാശയും സ്തുതിയും

**50) 'പതിവിൻ പടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക' എന്നതിലെ 'കൂട്ടത്തലയായ്' എന്ന പ്രയോഗത്തിന്റെ അർത്ഥം**
**A) കൂട്ടത്തിന്റെ തലവനായി നിന്നുകൊണ്ട്**
B) കൂട്ടമായി നിന്നുകൊണ്ട്

C) എല്ലാവരും ഒരുമിച്ചു നിന്നുകൊണ്ട്
D) എല്ലാ ഉത്തരങ്ങളും ശരിയാണ്